स्वयमेव मृगेन्द्रता

# കേസരി

31 ആഗസ്റ്റ്
2018
വില : 15 രൂപ

www.kesariweekly.com

കേരളത്തിന്റെ ദേശീയ വാരിക



## ഇരന്നുവാങ്ങിയ മഹാദുരന്തം

### കലിതുള്ളിയ മഴയും പുഴയും




# മാവിന്റെ ദുഃഖം

**ജി. രേഖ വേണുഗോപാൽ**

**9495273791**



പുതുതായി പണിതീർത്ത ഹൈടെക് ബസ്സ്റ്റോപ്പിലേയ്ക്കടുത്തപ്പോൾ അച്യുതൻ മാഷിന് ഒരു വല്ലാത്ത വെളിച്ചവും ഒപ്പം ഭയങ്കര ചൂടും അനുഭവപ്പെട്ടു. ദേഹാസ്വാസ്ഥ്യത്തെ തുടർന്ന് രണ്ടാഴ്ച വീട്ടിലിരുന്നതിന്റെ തോന്നലായിരിക്കുമെന്ന് ആദ്യം കരുതി. ശ്രദ്ധിച്ചപ്പോൾ കണ്ടു, അത്രയും നാൾ തണലും കുളിർമയും നൽകിയിരുന്ന ബസ്സ്റ്റോപ്പിനരുകിൽ നിന്നിരുന്ന മാവിന്റെ ചില്ലകൾ എല്ലാം പാടെ വെട്ടിമാറ്റിയിരിക്കുന്നു. ഈ തീച്ചൂടിൽ കുറച്ചെങ്കിലും ആശ്വാസം നൽകിയിരുന്നതാണ് ആ മാവ്. ആർക്കും ഒരു തരത്തിലുള്ള ശല്യവും ചെയ്യാതെ ഒതുങ്ങിനിന്നിരുന്ന വൃക്ഷം. സ്റ്റോപ്പിൽ നിന്നിരുന്നവർ മന്ത്രിക്കുന്നുണ്ടായിരുന്നു.

'ഹോ, എന്തൊരുചൂട്, ആ മാവുണ്ടായിരുന്നപ്പോൾ ചൂട് അറിഞ്ഞിരുന്നില്ല.'

'അത് വെട്ടിമാറ്റേണ്ട ഒരു കാര്യവുമുണ്ടായിരുന്നില്ല.'

ശരിയാണ്. അറിവ് എപ്പോഴും വൈകിയാണെത്തുക. മാഷ് തോളിലിട്ടിരുന്ന വേഷ്ടിയെടുത്തു വീശി. കുറച്ചൊരാശ്വാസം തോന്നി.

നേരത്തെ വീട്ടുകാരൻ ആളെ കൊണ്ടുവന്ന് മാങ്ങാ പറിപ്പിച്ച് കൊട്ടകളിൽ നിറച്ച് കൊണ്ടുപോയിരുന്നപ്പോൾ ആ മാവിന്റെ മനസ്സ് നിറഞ്ഞു കുളിർത്തിരിക്കണം. അത് എത്രപേർക്ക് തന്റെ ജീവന്റെ സമ്പത്ത് നൽകിയിരിക്കുന്നു. ആശ്വാസവും ജീവനവും നൽകി, തണലേകി, ആരുടെയെല്ലാം വിശപ്പകറ്റി. സുകൃതമാണാ ജീവിതം. എത്ര കിളികൾക്ക് പാർക്കാൻ ഇടം നൽകി. സന്തോഷം പകർന്നു. മാമ്പൂവിന്റെ തണുത്ത സുഗന്ധവാഹിനിയായ കാറ്റു നൽകി. മഴ പെയ്യുവാൻ സഹായിച്ചു. വേരുകൾ ജലത്തേയും മണ്ണിനേയും പിടിച്ചുനിർത്തി കുട്ടികൾക്ക് കളിച്ചു രസിക്കുവാൻ വഴിയൊരുക്കി. ഊഞ്ഞാലാടുവാനും കൊമ്പിൽ കയറി മറിയുവാനും എല്ലാം - ഒഴിവുകാലത്ത് കല്ലെറിഞ്ഞു എത്രമാങ്ങ വീഴ്ത്തിയിരിക്കുന്നു കുട്ടികൾ. ചില്ലകളാകുന്ന കൈകൾ കൂപ്പി ഈശ്വരനോട് നന്ദി പറഞ്ഞു നിന്നിരുന്ന മാവ്.

അതെല്ലാം ഒരു കാലം. എല്ലാം

പോയ് മറഞ്ഞിരിക്കുന്നു. എല്ലാറ്റിനും വിരാമമിട്ടുകൊണ്ട് ഇപ്പോൾ ഇതും. എത്ര കൊടുത്താലും കിട്ടിയാലും ആർത്തി ഒടുങ്ങാത്ത മനുഷ്യൻ, കണ്ണിൽ ചോരയില്ലാത്ത, വീണ്ടുവിചാരമില്ലാത്ത മനുഷ്യൻ. നിയമത്തിന് പുല്ലുവില പോലും കല്പിക്കാത്ത, പ്രകൃതിയെ ചൂഷണം ചെയ്യുവാൻ, നശിപ്പിക്കുവാൻ മാത്രം അറിയുന്നവൻ.

ഇന്ന് വെറുമൊരു മരത്തടിയായി നിൽക്കുന്നു ആ മാവ്. കൂപ്പുവാൻ കൈകളുമില്ല. പ്രാർത്ഥിക്കുവാനുള്ള വഴിയും അടഞ്ഞു. അല്ലെങ്കിലെന്ത് ഈശ്വരൻ. ഈശ്വരനേയും വിലക്കെടുത്തിരിക്കുന്ന കാലം.

ഒന്നിനേയും ഭയമില്ലാത്ത മനുഷ്യൻ നാളെ അതിന്റെ തടിയും വെട്ടും. വേരുകൾ പിഴുതെറിയും. അതിന്റെ അസ്തിത്വം തന്നെ ഇല്ലാതാകും. അപ്പോഴും ആ മാവിന്റെ ദുഃഖം കണ്ണീരായൊഴുകി ഈ വരണ്ട മണ്ണിനെ തണുപ്പിക്കുമായിരിക്കും.

എത്രനേരം ചിന്തകളിൽ മുഴുകിയിരുന്നെന്നറിയില്ല. എല്ലാം ഇന്നലെയെന്നോണം ഓർത്തിരുന്നുപോയി. ബസ്സിന്റെ ഹോണടി ചിന്തയിൽ നിന്നുണർത്തി. അല്ല. അത് തനിക്ക് കയറാനുള്ള ബസ്സല്ല.

മാഷ് ബസ്സിന്റെ സമയവിവരബോർഡിലേയ്ക്കു നോക്കി. പതിനൊന്നു മണിക്കാണ് ഇനി ഒന്നുള്ളത്. അവിടെ നിന്നിരുന്ന ചെറുപ്പക്കാരനോട് ഒരുറപ്പിനു വേണ്ടി തിരക്കി.

“എടോ എന്തായി സമയം?”

കയ്യിലെ മൊബൈൽ നോക്കി ആ പയ്യൻ പറഞ്ഞു: “10.30 കഴിഞ്ഞു.”

ഇനിയും അരമണിക്കൂർ. ചൂട് അസഹ്യമായിരിക്കുന്നു.

മാവിനെപ്പോലെ തന്നെ മറ്റു വൃക്ഷങ്ങളേയും അകാരണമായി നശിപ്പിക്കുന്ന ഇന്നത്തെ മനുഷ്യൻ ഭാവി തലമുറയ്ക്ക് കൈമാറുന്നതെന്താണ്?

ഇവരെ മാതൃകയാക്കി, കണ്ടുപഠിക്കുന്ന ഈ നിൽക്കുന്ന ചെറുപ്പക്കാരന്റെ തലമുറയും ചരിത്രമാവർത്തിച്ചാൽ വലിയ വില നൽകേണ്ടി വരില്ലേ? കാമധേനുവായ, സർവ്വംസഹയായ, ഫലദായിനിയായ ഈ ധരിത്രി കോപിക്കുമെന്നത് നിശ്ചയം. അതിന്റെ അനന്തരഫലമനുഭവിക്കുന്നതോ ഇവരും ഇവരുടെ പിൻതലമുറയും.

വരണ്ടുണങ്ങിയ, ജീവൻ വറ്റിയ ഒരു പ്രകൃതിയെ, ക്ഷമയുടെ അറ്റം കണ്ട പയസ്വിനിയുടെ അവസാന താണ്ഡവം മനുഷ്യന്റെ മരണമണിയാണെന്ന് ഇനിയും മനുഷ്യൻ അറിയാത്തതെന്തേ? അല്ലെങ്കിൽ അറിഞ്ഞാലും അറിഞ്ഞില്ലെന്ന് നടിക്കുന്നതോ?

“അങ്കിൾ, ഇതാ, ബസ് വരുന്നുണ്ട്.” ആ ചെറുപ്പക്കാരനാണ്, നല്ല കുട്ടി. വിളിച്ചില്ലായിരുന്നെങ്കിൽ തനിക്ക് പഴയ സുഹൃത്തുക്കളുടെ ഒത്തുചേരലിന് എത്തുവാൻ കഴിയില്ലായിരുന്നെന്ന്, ആ പയ്യനെ നോക്കി ചിരിച്ചുകൊണ്ട് തിരക്കിട്ട് ബസ്സിൽ കയറുമ്പോൾ ഓർത്തു. മനസ്സുകൊണ്ട് ആ ചെറുപ്പക്കാരന് നന്ദിയും അനുഗ്രഹങ്ങളും നൽകുവാൻ മാഷ് മറന്നില്ല. ■

# ഉത്സവം




**സുവർണ്ണ മുല്ലപ്പള്ളി**

(10-ാം തരം ഗവ. ഹയർസെക്കൻഡറി സ്കൂൾ നായർകുഴി)

**9745494098**


ചെണ്ടക്കാരൻ കിട്ടുണ്ണ്യേട്ടൻ
കാലും നൊണ്ടി വരുന്നുണ്ടേ
അമ്പലനടയിൽ കൊട്ടാനാണേ
തക്കിടതരികിട തിമിതിത്തോം
കൊമ്പുവിളിക്കും കുഴലൂതാനും
കുണ്ടൂരിൽ നിന്നെത്തുന്നേ
കണ്ണടവെച്ചൊരു മീശക്കാരൻ
അവരുടെ കൂടെ നടപ്പുണ്ടേ
ആനക്കാരൻ തോട്ടിയുമേന്തി
ആനക്കൊപ്പം നിൽപ്പുണ്ടേ
ആളുകളനവധി കൂടുന്നുണ്ടേ
കാണാൻ കണ്ടു രസിച്ചീടാൻ
അടിപൊളിയായി ബഹുരസമായി
നാടുമുഴുക്കെയാണാഘോഷം. ■

